(ഡി) 1-4-99 മുതൽ ജി. ഒ. (എം.എസ്.)20/99/ഇറി.വ.തീയതി 23-3-99 സർക്കാർ ഉത്തരവു പ്രകാരമുള്ള നിരക്കുകളാണ് നിലവിലുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേരളാ വാട്ടർ അതോറിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

ഭൂഗർഭജലത്തിന് പെപ്സി, കൊക്കകോള കമ്പനികളിൽ നിന്നും ഈടാക്കുന്ന റോയൽറ്റി

58 [215] ശ്രീ. ലൂഡി ലൂയിസ് :

,, എം. മുരളി :

,, ഇ. എം. അഗസ്തി :

,, അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയും കഞ്ചിക്കോടു ഭാഗത്ത് പെപ്സി കമ്പനിയും എടുക്കുന്ന ഭൂഗർഭ ജലത്തിനു എന്ത് റോയൽറ്റി ലഭിക്കുന്നുണ്ട്;

(ബി) റോയൽറ്റിയിനത്തിലല്ലാതെ വെള്ളമെടുക്കുന്നതിന്റെ പേരിൽ മറ്റെന്തെങ്കിലും ഇനത്തിൽ അവരിൽ നിന്ന് തുക ഈടാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(സി) പ്രതിദിനം എത്ര വെള്ളം വീതമെടുക്കുന്നതിനാണ് ഇത്രയും തുക ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂജലവകുപ്പിന് റോയൽറ്റി ലഭിക്കുന്നില്ല.

(ബി) റോയൽറ്റി ഇനത്തിലും വെള്ളമെടുക്കുന്നതിന്റെ പേരിലും മറ്റെന്തെങ്കിലും ഇനത്തിൽ ഇവരിൽ നിന്നും വകുപ്പ് തുക ഈടാക്കുന്നില്ല.

(സി) ഭൂജലവകുപ്പ് തുക ഈടാക്കുന്നില്ല.

കുടിവെള്ളം കുപ്പികളിലാക്കി വില്കാൻ പദ്ധതി

59 [216] ശ്രീ. വി. കെ. സി. മമ്മത്കോയ :

,, കെ. കെ. ജയചന്ദ്രൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly